# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6956** **2.11.2011 ൽ മറുപടിക്ക്**

**റോഡ് ഡ്യൂറബിലിറ്റി ഗ്യാരന്റി നിയമം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സാജു പോൾ | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (മരാമത്ത്‌വകുപ്പു മന്ത്രി) |
| (എ) റോഡുകൾ നിർമ്മിച്ച് ഹ്രസ്വകാലഘട്ടത്തിനുള്ളിൽ പൊട്ടിപ്പൊളിഞ്ഞു ഗതാഗതയോഗ്യമല്ലാതാകുന്നതു തടയുവാൻ ഇന്നുള്ള നിയമത്തിൽ എന്തൊക്കെ വ്യവസ്ഥകളാണുള്ളത്; | (എ) നിലവിലുള്ള വ്യവസ്ഥയനുസരിച്ച് ഓരോ പ്രവൃത്തികൾക്കും നിശ്ചിത ഗ്യാരന്റി പീരിയഡ് നിശ്ചയിച്ചിട്ടുള്ളതും പ്രസ്തുത കാലയളവിനുള്ളിൽ സംഭവിക്കുന്ന തകരാറുകൾ ആ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ തന്നെ സ്വന്തം ഉത്തരവാദിത്വത്തിലും ചിലവിലും പരിഹരിക്കുന്നതിനും ആയത് തൃപ്തികരമായി ചെയ്യുന്നവർക്ക് ഗ്യാരന്റി കാലാവധി കഴിഞ്ഞു മാത്രം കരാർ ഉടമ്പടിയുടെ സെക്യൂരിറ്റി തുക മടക്കി നൽകുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്, എന്തെങ്കിലും കാരണവശാൽ കരാറുകാരൻ വകുപ്പ് ഉദ്യോഗസ്ഥർ നിശ്ചയിക്കുന്ന സമയ പരിധിക്കുള്ളിൽ തകരാറുകൾ പരിഹരിക്കാതെ വന്നാൽ പ്രവൃത്തി, ആ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ മറ്റ് ഏജൻസികളെ ഉപയോഗിച്ച് നടപ്പിലാക്കുന്നതിനും ആയതിനുള്ള മുഴുവൻ ചിലവും പ്രസ്തുത കരാറുകാരനിൽ നിന്നും ഈടാക്കുന്നതിനും വ്യവസ്ഥയുണ്ട്. |

(ബി) റോഡുകളുടെ ദീർഘകാല സംരക്ഷണം ഉറപ്പാക്കുവാൻ റോഡ് ഡ്യൂറബിലിറ്റി ഗ്യാരന്റി നിയമം നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇപ്പോൾത്തന്നെ ശബരിമല റോഡുകളുടെ പ്രവൃത്തികൾക്ക്, നിലവിലുള്ള ഗ്യാരന്റി കാലാവധിക്കു പുറമേ 5 വർഷത്തേക്കുള്ള ദീർഘകാല സംരക്ഷണം ഉറപ്പുവരുത്തിയാണ് ഹെവി മെയിന്റനൻസ് പദ്ധതിയ്ക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുള്ളത്. ഭാവിയിൽ, പ്രവൃത്തികൾക്ക് ഇത്തരം ഗ്യാരന്റി ഉറപ്പുവരുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്.

(സി) പ്രസ്തുത നിയമം തയ്യാറാക്കുന്നതിനായി ഈ രംഗത്തെ വിദഗ്ധരുടേയും വിവിധ സംഘടനാ നേതാക്കളുടേയും പ്രത്യേക സെമിനാർ നടത്തുമോ?

(സി) ഇത്തരം കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി, 2011 നവംബർ 16,17,18 തീയതികളിൽ "ഇൻഫ്രാസ്ട്രക്ചർ കോൺഫറൻസ് -2011" എന്ന പേരിൽ മൂന്നു ദിവസം നീണ്ടു നിൽക്കുന്ന സെമിനാർ സംഘടിപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ